**Adv. V. K. Minimol**
Health Committee Chairperson
Div. 43
Kochi Municipal Corporation

Mob : 9746349605
Achu-Anu, Vattathipadam Road
Palarivattom P. O., Kochi - 25
E-mail : minimolpalarivattom@gmail.com

27.07.2016

## സദയം പ്രസിദ്ധീകരണത്തിന്

കൊച്ചി കോർപ്പറേഷനിൽ 43-ാംഡിവിഷൻ പാലാരിവട്ടം പ്രദേശത്ത് മുതിർന്ന പൗരൻമാരുടെ ജീവിതത്തിന് സുരക്ഷയും സംരക്ഷണവും നൽകണമെന്നുള്ള സന്ദേശത്തോടു കൂടി രൂപീകരിച്ചിട്ടുള്ള '**വയോമിത്രം**' സംഘടനയുടെ ആഭിമുഖ്യത്തിൽ 27/7/2016 ബുധനാഴ്ച്ച രാവിലെ 10.00മണിക്ക് മുതിർന്ന പൗരൻമാരുടെ സ്നേഹസംഗമവും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. 200ഓളം വയോജനങ്ങൾ പങ്കെടുത്ത ക്യാമ്പ് കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീ.ടി.ജെ.വിനോദ് ഉദ്ഘാടനം ചെയ്തു.ടി ക്യാമ്പിൽ സെന്റ് ജോൺ ബാപ്സ്റ്റിക്ക് വികാരി റവ:ഫാദർ തോമസ് പുളിക്കൻ മുഖ്യപ്രഭാഷണം നടത്തി. ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സൻ അഡ്വ.മിനിമോൾ വി.കെ-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്യാമ്പ് കൊച്ചി നഗരസഭയുടെ വയോമിത്രം,ജീവനം ആയുർവ്വേദ ഹോസ്പിറ്റൽ, ശാന്തിഗിരി സിദ്ധവൈദ്യാശ്രമം, മലബാർ ഗോൾഡ് എന്നിവർ സംയുക്തമായാണ് നടത്തിയത്.കർക്കിട മാസത്തോട് അനുബന്ധിച്ച് നടത്തേണ്ട ആയുർവ്വേദ ചികിത്സകളെ സംബന്ധിച്ച് ഡോ.രശ്മി,ജീവനം ഹോസ്പിറ്റൽ,ഡോ.പുണ്യ എന്നിവർ ക്ലാസ്സെടുത്തു. തുടർന്ന് '**വയോമിത്രം**' സംഘടനയുടെ പ്രസിഡന്റ് ശ്രീ.സ്ക്കറിയ മാത്യു, സെക്രട്ടറി ശ്രീ.കെ.പി.എസ്.കുറുപ്പ്, ഡിവിഷൻ കമ്മിറ്റി അംഗങ്ങളായ അഡ്വ.അനിൽകുമാർ, ശ്രീ.തോമസ്, ശ്രീ.ഷാജി പള്ളൻ എന്നിവർ ആശംസയർപ്പിച്ചു.

എല്ലാ മാസവും വയോജനസംഗമവും സൗജന്യ മെഡിക്കൽ ക്യാമ്പും ഡിവിഷനിൽ നടത്തുന്നതാണെന്ന് ഡിവിഷൻ കൗൺസിലർ കൂടിയായ അഡ്വ.മിനിമോൾ.വി.കെ അറിയിച്ചു.

മേൽ വാർത്ത താങ്കളുടെ മാധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

അഡ്വ.മിനിമോൾ.വികെ
ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ